പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3079 13.7.2015-ലെ മറുപടിക്ക്

ജയിൽ ഉല്പന്നങ്ങൾ

ചോദ്യം
ശ്രീ.വർക്കല കഹാർ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.പി.എ.മാധവൻ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉൽപന്നങ്ങൾ പൊതു വിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) ഭക്ഷണസാധനങ്ങൾ വില്പന നടത്തുന്നതിനായി ഔട്ട്ലെറ്റുകൾ, മൊബൈൽ യൂണിറ്റ് എന്നിവ പ്രധാനപ്പെട്ട ജയിലുകൾ കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജയിലാസ്ഥാന കാര്യാലയത്തിൽ ജയിലുൽപ്പന്നങ്ങൾ വില്പന നടത്തുന്നതിനായി ഒരു സെയിൽസ് കൗണ്ടറും പ്രവർത്തിച്ച് വരുന്നുണ്ട്. |
| ബി) ഇക്കാലയളവിൽ ജയിൽ വരുമാനത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ; വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 മെയ് 31 വരെ ഭക്ഷ്യോത്പന്നങ്ങളിൽ നിന്നും 12,58,89,065/- രൂപയും മറ്റുല്പന്നങ്ങളിൽനിന്നും 6,40,47,492/- രൂപയും ലാഭമായി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ജയിലുകളിൽ ചപ്പാത്തി, ഇഡ്ഡലി , ദം ബിരിയാണി, ബേക്കറി ഉല്പന്നങ്ങളായ ലഡു, കേക്ക്, ചിപ്സ് എന്നിവയും നിർമ്മിച്ച് വിപണനം നടത്തി വരുന്നു. സംസ്ഥാനത്തെ മൂന്ന് സെൻട്രൽ ജയിലുകളിൽ പന്നിവളർത്തൽ കേന്ദ്രം ആരംഭിച്ചു. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ പൗൾട്രി ഫാം, ആട്ടുവളർത്തൽ കേന്ദ്രം എന്നിവ ആരംഭിച്ചു. |

| | |
|---|---|
| സി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ? | (സി) വരുമാന വർദ്ധനവിനായി ചപ്പാത്തി യൂണിറ്റ്, ഇഡ്ഡലി യൂണിറ്റ്, ബേക്കറി യൂണിറ്റ് എന്നിവ തുടങ്ങി. പന്നി വളർത്തൽ കേന്ദ്രം, ആട്ട വളർത്തൽ, ഡയറി ഫാം, പൗൾട്ടി ഫാം എന്നിവ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കൂടാതെ ഭക്ഷണസാധനങ്ങൾ വില്പന നടത്തുന്നതിനായി ആശുപത്രികൾ, തീർത്ഥാടന കേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മൊബൈൽ യൂണിറ്റ് വില്പന കേന്ദ്രം കൂടുതലായി ആരംഭിക്കുകയും ജയിലുകളിൽ ഔട്ട്ലെറ്റുകൾ തുറക്കുകയും ചെയ്തു. ചീമേനി തുറന്ന ജയിലിൽ നിലവിലുള്ള വെട്ടുകല്ല് നിർമ്മാണ യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വിയ്യൂർ സെൻട്രൽ ജയിലിൽ വെട്ടുകല്ല് യൂണിറ്റ് സ്ഥാപിക്കുകയും നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ഇന്റർലോക്ക് മണ്ണ് ഇഷ്ടിക, സിമന്റ് ബ്ലോക്ക് വ്യവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം നടത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ കാർപെന്ററി യൂണിറ്റും തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ സോപ്പ് നിർമ്മാണം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ